## പദ്ധതി നിർവ്വഹണം പൊതുമരാമത്ത് വകുപ്പ് മുന്നിൽ

ഈ സാമ്പത്തിക വർഷത്തെ ഇത്‌വരെയുള്ള പദ്ധതി നിർവ്വഹണത്തിൽ പൊതുമരാമത്ത് വകുപ്പ് മുന്നിൽ. മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ അധ്യക്ഷതയിൽ മന്ത്രിമാരുൾപ്പെടെ നടത്തിയ അവലോകനത്തിലാണ് 154% പെർഫോമൻസ് നടത്തിയ വകുപ്പെന്ന നിലയിൽ പൊതുമരാമത്ത് വകുപ്പ് ഒന്നാമതെത്തിയത്.

പദ്ധതി വിഹിത പ്രകാരം 622.14കോടി രൂപയാണ് പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിരുന്നത്. എന്നാൽ ഇത് പിന്നീട് ആൽട്രേഷൻ മെമ്മോറാണ്ടം അനുസരിച്ച് 614.18കോടി രൂപയായി കുറച്ചിരുന്നു. എന്നാൽ 2011 ഡിസംബർ 31വരെയുള്ള പദ്ധതി നിർവ്വഹണം 154ശതമാനത്തിലെത്തി. 1127.25കോടി രൂപയുടെ പദ്ധതികളാണ് മരാമത്ത് വകുപ്പ് നടപ്പിൽ വരുത്തിയത്.

ഇതിനുപുറമെ 167.05കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് നബാർഡ് മരാമത്ത് വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. ഇത് സംസ്ഥാന ചരിത്രത്തിലെ സർവ്വകാല റിക്കോർഡാണ്. 117.81കോടി ചിലവു വരുന്ന വിവിധ പദ്ധതികൾക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് (DPR) മരാമത്ത് വകുപ്പ് ധനകാര്യ വകപ്പിന് നൽകിയിട്ടുണ്ട്. ഇതിന് ജനുവരി അവസാനത്തോടെ അനുമതി ലഭിച്ചേക്കും.

മേജർ ഡിസ്ട്രിക്ക് റോഡുകളുടെ നിർമ്മാണത്തിൽ 308ശതമാനവും, റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ 1016ശതമാനവും സ്റ്റേറ്റ് ഹൈവെയുടെ വികസനത്തിനും പുനരുദ്ധാരണത്തിനും 200ശതമാനവും പബ്ലിക്ക് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ 553ശതമാനവുമാണ് പൊതുമരാമത്ത് വകുപ്പ് കൈവരിച്ചിരിക്കുന്നത്.

ഡിസംബർ 31വരയുള്ള കണക്കാണിതെങ്കിലും ഈ സാമ്പത്തിക വർഷം അവസാനത്തോടെ കൂടുതൽ മികച്ച രീതിയിലേക്ക് പദ്ധതി നിർവ്വഹണം എത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നതായി മന്ത്രി വി.കെ ഇബ്രാഹിം കുഞ്ഞ് പറഞ്ഞു.

For reference

Planning & Economic Affairs (CPMU) Department
http://www.cpmu.kerala.gov.in